(ഇ) ഉണ്ട്. ശുപാർശകളുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. †

(എഫ്) പഠനറിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചില പുതിയ പദ്ധതികൾക്ക് 2004—2005-ലെ ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

കയർ മേഖലയിൽ കേന്ദ്രസർക്കാർ ധനസഹായത്തോടെയുള്ള പദ്ധതികൾ

125 [2094] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ 2001—2002 മുതൽ 2003—2004 വരെ കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിയുടെ ആകെ അടങ്കൽ, കേന്ദ്ര വിഹിതം എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും ആകെ ചെലവഴിച്ച തുക, കേന്ദ്രസർക്കാർ അനുവദിച്ച തുക, ഇതിൽനിന്നുണ്ടായ നേട്ടങ്ങൾ എന്നിവയും വിശദമാക്കാമോ;

(സി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(ഡി) പുതിയ കേന്ദ്രസർക്കാരിൽ കയർ വ്യവസായ വികസനത്തിന് എന്തെല്ലാം പദ്ധതികൾ സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) നിലവിലുള്ള കേന്ദ്രസർക്കാർ സ്കീമുകളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ—സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. ††

(ഡി) കയർ സഹകരണ മേഖലയുടെ പുനരുദ്ധാരണത്തിനായി 25 കോടി രൂപ ഗ്രാന്റ് അനുവദിക്കുന്നതിനും എം. ഇ. പി., പി. പി. ഇ. എസ്. പദ്ധതികൾ എന്നിവ വീണ്ടും നടപ്പിലാക്കുന്നതിനും എം. ഡി. എ.-ക്കുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിക്കുവാനും ഒരു നാഷണൽ കയർ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനും കയർ ക്ഷേമനിധി ബോർഡിന് ഗ്രാന്റ് അനുവദിക്കുന്നതിനുമാണ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളത്.

(ഇ) ഇല്ല.

---

† അനുബന്ധം XVI

†† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly